(ബി) & (സി) 2005 ജൂൺ 27-ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന ഉദയാസ്തമനപൂജ, ക്ഷേത്രത്തിലെ താന്ത്രികചടങ്ങായ 'ശുദ്ധി' അന്നേദിവസം നടത്തേണ്ടി വന്നതിനാൽ ബഹു. തന്ത്രി നമ്പൂതിരിപ്പാടിന്റെ നിർദ്ദേശപ്രകാരം തലേദിവസം (ജൂൺ 26, ഞായറാഴ്ച) നടത്തുകയുണ്ടായി. ഞായറാഴ്ച പതിവിൽ കൂടുതൽ തിരക്കുണ്ടാകാറുള്ളതിനാലും പൂജ നടത്തേണ്ടി വന്നതിനാലും ഭക്തജനങ്ങൾക്ക് സാധാരണയിൽ കവിഞ്ഞ് കൂടുതൽ സമയം ക്യൂ നിൽക്കേണ്ടി വന്നു.

(ഡി) & (ഇ) ഓരോ വർഷവും നടത്തുന്ന ഉദയാസ്തമനപൂജ, വഴിപാടുകാരനെ സുമാർ ഒരു വർഷം മുൻപു തന്നെ അറിയിക്കുകയും പൂജ നടത്തുന്ന ദിവസങ്ങളെല്ലാം പൊതുജനങ്ങൾക്കായി ദേവസ്വം പ്രസിദ്ധീകരണങ്ങളായ പഞ്ചാംഗം, ഭക്തപ്രിയ മാസിക എന്നിവയിൽ മുൻകൂറായി പ്രസിദ്ധീകരിക്കുകയും ചെയ്യാറുണ്ട്.

നിലയ്ക്കലിൽ ഇടത്താവളം

273 [1227] *പ്രൊഫ. എ. ഡി. മുസ്തഫ:*

" *കെ. വി. തോമസ്:*

ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് ഇടത്താവളം ഉണ്ടാക്കുന്നതിന് നിലയ്ക്കൽ എത്ര ഹെക്ടർ ഭൂമി അനുവദിച്ചിട്ടുണ്ട്;

(ബി) 2005 വരെയുള്ള അയ്യപ്പൻമാരുടെ വർദ്ധനവും ബാഹുല്യവും കണക്കാക്കുമ്പോൾ ഈ സ്ഥലം ആവശ്യത്തിനുമതിയാകുമോ;

(സി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഈ സ്ഥലം നൽകിയിട്ടുള്ളത്;

(ഡി) ഈ സ്ഥലം സൗജന്യമായി നൽകണമെന്നാവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 110.524 ഹെക്ടർ വനഭൂമി.

(ബി) ഭക്തജനങ്ങൾക്ക് അടിയന്തിര സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഈ സ്ഥലം മതിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ലഭിക്കുന്ന വനഭൂമിക്ക് പകരം ഭൂമിയും അവിടെ വനവൽക്കരണത്തിനുള്ള തുകയും വനം വകുപ്പിനു നൽകണമെന്നും എൻ.പി.വി. തുക അടയ്ക്കണമെന്നുമുള്ള വ്യവസ്ഥകൾക്കു വിധേയമായാണ് വനഭൂമി ലഭ്യമാക്കുന്നത്. ഇതിനാവശ്യമായ വനഭൂമി ഇടുക്കി കമ്പക്കല്ലിൽ കണ്ടെത്തി സർക്കാർ തന്നെ നൽകി കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്ര വനം വകുപ്പിന്റെ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പ്രധാനമന്ത്രി തന്നെ ഇടപെട്ടാണ് വനഭൂമി ലഭിച്ചത്. നിലവിലുള്ള നിയമം സൗജന്യമായി നൽകാൻ അനുവദിക്കുന്നില്ല.

ശബരിമല വികസനത്തിനായി വനഭൂമി കൈമാറ്റം

274 [1228] *ശ്രീ. ടി. എം. ജേക്കബ്:*

„ *ജോണി നെല്ലൂർ:*

„ *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനായി എത്ര ഹെക്ടർ വനഭൂമി സർക്കാർ ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ഹെക്ടർ സ്ഥലമാണ് ആകെ കൈമാറാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) എത്ര ഹെക്ടർ സ്ഥലം കൈമാറുവാനാണ് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളത്;

(ഡി) ഈ വനഭൂമി കൈമാറുന്നതിനു പകരമായി ദേവസ്വം ബോർഡ് സർക്കാരിന് സ്ഥലം വാങ്ങി നൽകണമെന്ന് നിബന്ധനയുണ്ടോ; എങ്കിൽ ഇതിനായി വാങ്ങിയ ഭൂമി എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സ്ഥലത്ത് വനവൽക്കരണത്തിനായി ദേവസ്വം ബോർഡ് സർക്കാരിന് പണം നൽകണമെന്ന് വ്യവസ്ഥയുണ്ടോ?

ഉത്തരം

(എ), (ബി) & (സി) ശബരിമല വികസനത്തിനായി നിലയ്ക്കലിൽ 110.524 ഹെക്ടർ വനഭൂമിയും പമ്പ-സന്നിധാനം മേഖലയിലുള്ള പെരിയാർ ടൈഗർ റിസർവ്വ് ഏരിയായിൽ 12.675 ഹെക്ടർ വനഭൂമിയുമാണ് ദേവസ്വം ബോർഡിന് കൈമാറാൻ ഉദ്ദേശിക്കുന്നത്. അതിൽ നിലയ്ക്കലിലുള്ള 60.14 ഹെക്ടർ വനഭൂമിക്ക് അന്തിമ അംഗീകാരവും, ബാക്കിയുള്ള 50.384 ഹെക്ടർ സ്ഥലത്തിന് ആദ്യഘട്ട അനുമതിയും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. പെരിയാർ ടൈഗർ റിസർവ്വ് ഏരിയായിൽപ്പെട്ട പമ്പ-സന്നിധാനം മേഖലയിലുള്ള 12.675 ഹെക്ടർ വനഭൂമി കൈമാറുന്നതിന് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. ഇതിന് സുപ്രീം കോടതിയുടെ അംഗീകാരംകൂടി ഇനി ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly